**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.721 02.12.2015-ൽ മറുപടിക്ക്**

**<u>ആലപ്പുഴ ജനറൽ ആശുപത്രിയുടെ ശോചനാവസ്ഥ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കെ സദാശിവൻ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജനറൽ ആശുപത്രി തകർച്ചയെ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) അത്യാസന്ന നിലയിലുള്ള രോഗികളെ പോലും മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നതായും കാഷ്വാലിറ്റിയിൽപ്പോലും മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ആലപ്പുഴ ജനറൽ ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ വരുന്ന രോഗികൾക്ക് ആവശ്യമായ ചികിത്സ നൽകി വരുന്നുണ്ട്. ഇവിടെ നിലവിൽ ഇല്ലാത്ത സ്പെഷ്യാലിറ്റികളായ കാർഡിയോളജി, ന്യൂറോളജി, ഗ്യാസ്ട്രോ എന്ററോളജി, ന്യൂറോ സർജറി മുതലായ വിഭാഗങ്ങളിൽ ചികിത്സ തേടേണ്ട രോഗികൾക്ക് പ്രാഥമിക ചികിത്സ നൽകിയ ശേഷം തുടർ ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യാറുണ്ട്. കാഷ്വാലിറ്റിയിൽ മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ 12 ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്. എങ്കിലും അത്യാഹിത വിഭാഗം, വാർഡ് ഡ്യൂട്ടി എന്നിവയിൽ ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ഉറപ്പ് വരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (സി) ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) നിലവിലെ ഡോക്ടർമാരുടെ ഒഴിവുകളിൽ അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിന്ന് പ്രൊമോഷൻ നൽകി നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് ജനറൽ കേഡറിലെ ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് തസ്തിക മാറ്റം വഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Sobhy

സെക്ഷൻ ഓഫീസർ